**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 597 — 27.02.2018 - ൽ മറുപടിക്ക്

**ഏനാത്തിലുള്ള ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമകേന്ദ്രം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഏനാത്തിൽ ടൂറിസം വകുപ്പ് നിർമ്മിച്ച ടേക്ക് എ ബ്രേക്ക് എന്ന വഴിയോര വിശ്രമകേന്ദ്രം ഫലപ്രദമായി പ്രവർത്തിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും കൊട്ടാരക്കര താലൂക്കിൽ കലയപുരം വില്ലേജിൽ എം.സി റോഡിന് സമീപം ഏറത്തുകുളക്കടയിൽ ടൂറിസം വകുപ്പിന്റെ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ളതും കോഫിഷോപ്പ്, എ.ടി.എം. കൗണ്ടർ, പണം കൊടുത്ത് ഉപയോഗിക്കാവുന്ന തരത്തിലുള്ള ടോയ് ലറ്റുകൾ തുടങ്ങിയ സംവിധാനങ്ങൾ ഉള്ളതുമായ കെട്ടിടം യാത്രക്കാർക്കും മറ്റും പ്രയോജനപ്രദമാംവിധം പ്രവർത്തന സജ്ജമാക്കുന്നതിനായി പ്രതിമാസം 12,000/-രൂപ വാടക നിശ്ചയിച്ച് സ്വകാര്യ വ്യക്തിയായ ശ്രീ. സന്തോഷ്. എൻ, മൂത്തേടത്ത് വീട്, കുളക്കട പി.ഒ, കൊട്ടാരക്കര എന്ന വ്യക്തിയ്ക്ക് മൂന്ന് വർഷക്കാലത്തേയ്ക്ക് 06.02.2017 തീയതി മുതൽ എഗ്രിമെന്റ് പ്രകാരം നൽകിയിട്ടുള്ളതാണ്. ഏനാത്ത് പാലം തകർന്നതുമായി ബന്ധപ്പെട്ട് ടി ഭാഗത്ത് ഗതാഗത നിയന്ത്രണമേർപ്പെടുത്തിയ സമയത്ത് പ്രസ്തുത കേന്ദ്രം അടച്ചിട്ടിരുന്നു. 01.09.2017 തീയതി മുതൽ ടി കേന്ദ്രം യാത്രക്കാർക്ക് പ്രയോജനപ്രദമായ രീതിയിൽ തുറന്നു പ്രവർത്തിക്കുന്നുണ്ട്. |
| ബി) പ്രസ്തുത കേന്ദ്രം യാത്രക്കാർക്ക് പ്രയോജനപ്രദമാംവിധം പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വെളിപ്പെടുത്താമോ? | |

സെക്ഷൻ ഓഫീസർ